അദ്ധ്യായം നൂറ്റിപതിനൊന്ന്

# അല്ലഹബ് (ജ്വാല)

അവതരണം മക്കയിൽ, വചനങ്ങൾ 5

അദ്ധ്യായ പരിചയം:
പ്രവാചകൻ മുഹമ്മദ്(സ) മക്കയിൽ തൻെറ ദൗത്യപ്രചാരണം ആരംഭിച്ചതോടെ മക്കയിലെ ബഹുദൈവ വിശ്വാസികൾ അദ്ദേഹത്തിനെതിരെ ഇളകിവശായെന്ന് സൂചിപ്പിക്കുകയുണ്ടായി. അവരുടെ കൂട്ടത്തിൽ അദ്ദേഹത്തെ ഏറ്റവും കൂടുതൽ ഉപദ്രവിച്ച വ്യക്തികളാണ് അബ്ദുൽ ഉസ്സ എന്ന അബൂലഹബും അയാളുടെ ഭാര്യ ഉമ്മു ജമീല എന്ന അർവയും. പ്രവാചകൻെറ പിതൃവ്യനാണ് അബൂലഹബ്. ഖുർആൻ പേരെടുത്തു പറഞ്ഞു വിമർശിച്ച ഒരേയൊരു പ്രവാചകവിരുദ്ധനാണ് അയാൾ. പ്രവാചകൻ മുഹമ്മദി(സ)ന് അയാൾ വരുത്തിവെച്ച ഉപദ്രങ്ങൾക്ക് കണക്കില്ല. രണ്ടു പേരും അയൽവാസികളായിരുന്നു. ഒരു ചുമരിൻെറ വ്യത്യാസം മാത്രമേ അവർക്കിടയിൽ ഉണ്ടായിരുന്നുള്ളു. പ്രവാചകനെ ഉപദ്രവിക്കാൻ അയാൾ ആ സൗകര്യം ശരിക്ക് ഉപയോഗപ്പെടുത്തിയിരുന്നു. പ്രവാചകൻ നമസ്കരിക്കുമ്പോൾ കഴുത്തിൽ ഒട്ടകത്തിൻെറ കുടൽമാല ചാർത്തുകയും ഭക്ഷണം പാകം ചെയ്യുമ്പോൾ അതിലേക്ക് മാലിന്യങ്ങൾ എറിയുകയും നാട്ടുകാരോടും വിദൂരദേശത്തിനിന്നു വരുന്ന കച്ചവടസംഘത്തോടും നബിയെപ്പറ്റി ഇല്ലാത്തത് പറയുകയും, അദ്ദേഹത്തിൽനിന്ന് ആളുകളെ തെറ്റിക്കുകയും ചെയ്യുമായിരുന്നു. തക്കം കിട്ടുമ്പോൾ ദേഹോപദ്രവത്തിനും അയാൾ മുതിർന്നിരുന്നു. ഒരിക്കൽ അയാൾ പ്രവാചകൻെറ മുഖത്തു തുപ്പുക പോലും ചെയ്യുകയുണ്ടായി.

അയാളുടെ ഭാര്യ ഉമ്മുജമീൽ പ്രവാചകൻെറ വീട്ടുവാതിൽക്കൽ മുള്ളു വിതറുമായിരുന്നു. അദ്ദേഹത്തെക്കുറിച്ച് അപവാദം പ്രചരിപ്പിക്കൽ അവരുടെ പതിവായിരുന്നു. അതിന് നിയന്ത്രണങ്ങളൊന്നുമുണ്ടായിരുന്നില്ല. പ്രവാചകനെ എതിർക്കാൻ സ്വന്തം മാല വിൽക്കാൻപോലും തയാറായ സ്ത്രീയാണവൾ.

പ്രവാചകൻെറ രണ്ട് പുത്രിമാരെ അബൂലഹബിൻെറ പുത്രന്മാരായിരുന്നു വിവാഹം കഴിച്ചിരുന്നത്. ഒരിക്കൽ രണ്ടു പേരെയും വിളിച്ച് അയാൾ പറഞ്ഞു: നിങ്ങൾ മുഹമ്മദിൻെറ മക്കളെ വിവാഹമോചനം ചെയ്യുന്നില്ലെങ്കിൽ എനിക്ക് നിങ്ങളെ കാണുന്നത് ഞാൻ സ്വയം നിഷിദ്ധമായി കണക്കാക്കും." അതുകേട്ട് മക്കൾ അവർ രണ്ടു പേരും തങ്ങളുടെ ഭാര്യമാരുമായുള്ള ബന്ധം വേർപ്പെടുത്തുകയുണ്ടായി.

പ്രവാചകൻെറ ഒന്നാമത്തെ മകൻ ഇബ്റാഹീം നേരത്തെ മരണമടഞ്ഞിരുന്നു. രണ്ടാമത്തെ പുത്രൻ അബ്ദുല്ലയും കൂടി മരണമടഞ്ഞപ്പോൾ അബൂലഹബ് സന്തോഷിക്കുകയും മുഹമ്മദ് ഇതോടെ വേരറ്റവനായിരിക്കുന്നു എന്ന് പറഞ്ഞു ആഹ്ളാദിച്ചു നടക്കുകയും ചെയ്തു.

മക്കാപ്രമാണിമാർ പ്രവാചകനെതിരെ ഊരുവിലക്ക് ഏർപ്പെടുത്തിയത് പ്രവാചകജീവിതത്തിലെ പ്രധാന സംഭവമാണ്. അബൂലഹബ് മുൻകൈയെടുത്തുണ്ടാക്കിയ സംഭവമായിരുന്നു അത്.

ഇങ്ങനെ പ്രവാചകനും അദ്ദേഹത്തിൻെറ ദൗത്യത്തിനുമെതിരെ ശക്തമായ ഉപദ്രവം അഴിച്ചുവിട്ട ഘട്ടത്തിലാണ് അയാളെ ശപിച്ചുകൊണ്ട് ഈ അദ്ധ്യായം അവതരിച്ചത്. അഞ്ച് സൂക്തങ്ങളുള്ള ഈ അദ്ധ്യായത്തിൽ അബൂലഹബിൻെറ ഭാവിയെ സംബന്ധിച്ച പ്രവചനവും തുടർന്നുണ്ടായ അനുഭവങ്ങളും വിവരിക്കുന്നുണ്ട്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

تَبَّتْ يَدَآ أَبِى لَهَبٍ وَتَبَّ ﴿١﴾ مَآ أَغْنَىٰ عَنْهُ مَالُهُۥ وَمَا كَسَبَ ﴿٢﴾ سَيَصْلَىٰ
نَارًا ذَاتَ لَهَبٍ ﴿٣﴾ وَٱمْرَأَتُهُۥ حَمَّالَةَ ٱلْحَطَبِ ﴿٤﴾ فِى جِيدِهَا حَبْلٌ مِّن
مَّسَدٍۭ ﴿٥﴾

അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. അബൂലഹബിൻെറ ഇരുകരങ്ങളും നശിക്കട്ടെ; അവൻ നശിച്ചു.

2. അവൻെറ ധനമോ സമ്പാദ്യമോ അവന് ഉപകാരപ്പെട്ടില്ല.
3. തീർച്ചയായും ജ്വാലകളുള്ള നരകാഗ്നിയിൽ അവൻ കടന്ന് എരിയന്നതാകുന്നു
4. വിറകുചുമട്ടുകാരിയായ അവൻെറ ഭാര്യയും.
5. അവളുടെ കഴുത്തിൽ ഈത്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും.

വിശദീകരണം.

അബൂലഹബിൻെറ നാശപ്രവചനമാണ് ഈ അദ്ധ്യായത്തിൻെറ പ്രമേയം. പ്രവാചകൻ മുഹമ്മദി(സ)നെയും മുസ്ലിംകളെയും നശിപ്പിക്കാൻ അവരുടെ ശത്രുക്കൾ നടത്തിയ പ്രഥമയുദ്ധമായിരുന്നു ബദ്ർ യുദ്ധം. പ്രസ്തുത യുദ്ധത്തിൻെറ സൂത്രധാരകൻ അബൂലഹബായിരുന്നു. സൈന്യം മുസ്ലിം സൈന്യത്തോട് ഏറ്റുമുട്ടി തോറ്റതറിഞ്ഞ അയാൾ അപമാനിതനായി. മോഹഭംഗത്തിലകപ്പെട്ട അയാൾ അധികം താമസിയാതെ മരണമടയുകയാണുണ്ടായത്. മരണമാകട്ടെ, അതിദാരുണവുമായിരുന്നു. അയാളുടെ ശരീരമാസകലം വൃത്തികെട്ട വ്രണങ്ങളെക്കൊണ്ട് നിറഞ്ഞു. ഭാര്യയും മക്കളും നാട്ടുകാരും ഒരുപോലെ അയാളുടെ അടുത്തേക്ക് ചെല്ലാൻ മടിച്ചു. ആ അവസ്ഥയിൽ മരണമടഞ്ഞ അയാളുടെ ശവം ആരും തിരിഞ്ഞുനോക്കാനില്ലാതെ കിടന്നുനാറി. ഒടുവിൽ ഏതോ അടിമകളെ വിളിച്ചുവരുത്തി അതിനു മീതെ മണ്ണിട്ടുമൂടുകയാണ് പിന്നീട് അവർ ചെയ്തത്. അയാളുടെ ഈ നാശത്തെയാണ് അയാളുടെ കൈകൾ നശിക്കട്ടെ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

തബ്ബത്ത് എന്നത് അയാൾക്കെതിരെയുള്ള പ്രാർഥനയാണ്. രണ്ടാമത് പറഞ്ഞ തബ്ബ് അവന് സംഭവിച്ച പരിണതിയെ കുറിക്കുന്നു. അവൻ നശിച്ചു എന്നർഥം.

അബൂലഹബിൻെറ മക്കൾ, അയാൾ എതിർത്തിരുന്ന പ്രവാചകൻെറ സത്യസന്ധരായ അനുയായികളായി മാറി എന്നതാണ് ഏറെ വേദനാജനകം. അയാളുടെ അന്ത്യ കാലത്ത് അയാളുടെ ഭാര്യയും മക്കളും സമ്പത്തും അയാൾക്ക് അശേഷം ഉപകരിച്ചില്ല. അതാണ് രണ്ടാം വചനം സൂചിപ്പിക്കുന്നത്.

ഉമ്മുജമീലിനെക്കുറിച്ച പ്രതിപാദനവും ഇവിടെ കാണാം. പ്രവാചകനെ കുറിച്ച് അപവാദം പറഞ്ഞുനടക്കുകയായിരുന്നല്ലോ അവളുടെ ജോലി. ഏഷണിയുടെ തിക്തഫലവുമായി ബന്ധപ്പെട്ട ആലങ്കാരിക പ്രയോഗമാണ് ഇവിടെ ഉപയോഗിച്ചത്. വിറക് ചുമക്കുക എന്നത് സ്വന്തം നരകശിക്ഷ സ്വയമായി തയാറാക്കുക എന്ന അർഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്.